പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 606 — 09.07.2014-ൽ മറുപടിയ്ക്ക്

## ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. റ്റി. യു. കുരുവിള :<br>ശ്രീ. സി. എഫ്. തോമസ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ആദിവാസി കുടികളിലേക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ പണം അടച്ചിട്ടും വനം വകുപ്പിൻെറ എതിർപ്പുമൂലം ആദിവാസി കുടികളിലേക്ക് വൈദ്യുതി കണക്ഷൻ നല്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ട് രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY) പദ്ധതി നടപ്പിലാക്കി വരുന്ന പ്രദേശങ്ങളിൽ കണക്ടഡ് ലോഡ് പരിധിയില്ലാതെ എല്ലാ ബി. പി. എൽ. അപേക്ഷകർക്കും, കണക്ടഡ് ലോഡ് 1000 വാട്ട്സിൽ താഴെയുള്ള എസ്. സി/ എസ്. റ്റി വിഭാഗക്കാർക്കും ബോർഡ് സൗജന്യമായി ഗാർഹിക കണക്ഷനുകൾ നൽകി വരുന്നു. കൂടാതെ മറ്റു വിഭാഗക്കാർക്ക് ആർ. ജി. ജി. വി. വൈ. പദ്ധതിയിൽപ്പെടുത്തി ഓ. എച്ച്. ലൈനുകൾ നിർമ്മിച്ച് W.P കണക്ഷന് വേണ്ട തുക ഈടാക്കിയും ഗാർഹിക കണക്ഷനുകൾ നൽകി വരുന്നു. ആർ. ജി. ജി. വി. വൈ പദ്ധതി ഇല്ലാത്ത മേഖലകളിൽ കണക്ടഡ് ലോഡ് 500 വാട്സിൽ താഴെയുള്ള എല്ലാ ബി. പി. എൽ അപേക്ഷകർക്കും 1000 വാട്സിൽ താഴെയുള്ള എസ്. സി/എസ്.റ്റി വിഭാഗക്കാർക്കും ലൈൻ നീട്ടൽ ഉൾപ്പെടെയുള്ള ഗാർഹിക കണക്ഷനുകൾ നൽകുവാൻ പുതിയതായി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

വൈദ്യുതീകരണത്തിന് വേണ്ടി പണം അടച്ചിട്ടും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിയാത്ത ആദിവാസി കോളനികളുടെ വിവരം താഴെ ചേർക്കുന്നു.

1. തിരുവനന്തപുരം ജില്ലയിൽ ആര്യനാട് എസ്.റ്റി. കോളനി വൈദ്യുതീകരിക്കുന്നതിനു വേണ്ടി എച്ച്.റ്റി/എൽ.റ്റി. ഓവർഹെഡ് ലൈൻ നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നില്ല. പകരം 11.കെ.വി. ABC ലൈൻ നിർമ്മിക്കുന്നതിനുള്ള പദ്ധതി സമർപ്പിക്കുകയും ആയതിന് 30.07.2012-ന് വനം വകുപ്പിന്റെ അനുമതി ലഭിക്കുകയും 24.07.2013-ന് പണി ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ എൽ.റ്റി. ലൈനിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എച്ച്.റ്റി. ABC ലൈനിന്റെ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച എൽ.റ്റി. ലൈൻ-8 കി.മീ. ത്രീ ഫേസ് ലൈനും 10.7 കി.മീ.സിങ്കിൾ ഫേസ് ലൈനുമാണ്. എച്ച്.റ്റി. ABC ലൈനിന്റെ നീളം 8.7 കി.മീ. ആണ്.

2. കൊല്ലം ജില്ലയിൽ ചിതറ സെക്ഷനിലെ 'അമ്മയമ്പലം' ചരുപ്പ കോളനി വൈദ്യുതീകരണത്തിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. വനം വകുപ്പിന്റെ അനുമതിയ്ക്കായി NPV ഡിമാന്റ് ലഭിച്ചിട്ടില്ല. 02.09.2013-ന് അനുമതിയ്ക്കായി TOPO ഷീറ്റ് നൽകി. 04.04.2014-ന് തിരുവനന്തപുരം DFOയ്ക്ക് ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട്. 2,20,868/- രൂപയുടെ എസ്റ്റിമേറ്റിൽ 1.241 കി.മീ. എൽ.റ്റി. സിങ്കിൾ ഫേസ് ലൈൻ നിർമ്മിക്കാനാണ് പദ്ധതി.

3. എറണാകുളം ജില്ലയിൽ കീരംപാറ സെക്ഷന്റെ പരിധിയിൽ വരുന്ന വെള്ളാരംകുന്ന് ട്രൈബൽ കോളനിയിൽ 3.5 കിലോമീറ്റർ എൽ.റ്റി. സിങ്കിൾ ഫേസ് ലൈൻ നിർമ്മിക്കുവാൻ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിഞ്ഞിട്ടില്ല.

4. മലപ്പുറം ജില്ലയിൽ വഴിക്കടവ് പഞ്ചായത്തിൽപ്പെട്ട പുഞ്ചക്കൊല്ലി എസ്.ടി കോളനിയിലുള്ള 61 വൈദ്യുത കണക്ഷനുകളും (എസ്റ്റിമേറ്റ് തുക – 29,58,600/- രൂപ) അളക്കൽ എസ്.ടി കോളനിയിലുള്ള 128 വൈദ്യുത കണക്ഷനുകളും (എസ്റ്റിമേറ്റ് തുക – 29,23,000/- രൂപ) വനം വകുപ്പിന്റെ എതിർപ്പ് മൂലം നൽകാൻ കഴിഞ്ഞിട്ടില്ല

5. കാസർഗോഡ് ജില്ലയിൽ മുള്ളേരിയ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള പാണ്ടി-അർത്തിയ, ഓട്ടമല, നെല്ലിത്തട്ട് എന്നീ സ്ഥലങ്ങളിലും കുറ്റിക്കോൽ സെക്ഷന്റെ പരിധിയിലുള്ള വെള്ളരിക്കയ, വെന്നഉണ്ട്, മല്ലമ്പാറ, നാട്ടക്കല്ല് എന്നീ സ്ഥലങ്ങളിലും വനം വകുപ്പിന്റെ എതിർപ്പ് മൂലം വൈദ്യുതി എത്തിക്കാൻ പറ്റാത്ത

അവസ്ഥയിലാണ്. നാട്ടുകല്ല് എന്ന സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ച് കണക്ഷൻ കൊടുക്കേണ്ടതാണ്. ആദിവാസി വാസസ്ഥലങ്ങളായ മേൽ സ്ഥലങ്ങളിൽ മൊത്തം മുന്നൂറോളം വീടുകളിൽ കണക്ഷൻ ലഭിക്കാത്തവയാണ്.

ഇത് കൂടാതെ ആർ.ജി.ജി.വി.വൈ. സ്കീമിൽപ്പെടുത്തി വൈദ്യുതീകരിക്കുന്നതിന് അനുമതി തേടിയിരുന്ന ചില കോളനികൾക്ക് ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കാത്തതു കൊണ്ട് വൈദ്യുതി ലൈൻ നിർമ്മിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത കോളനികളുടെ വിവരം താഴെ ചേർക്കുന്നു.

1. പത്തനംതിട്ട ജില്ലയിൽ കോന്നി ഇലക്ട്രിക്കൽ സെക്ഷനിലെ 'മണ്ണീറ' പട്ടികവർഗ്ഗ കോളനിയിലേയ്ക്ക് വൈദ്യുതീകരണത്തിനായി വനം വകുപ്പിന്റെ അനുമതിയ്ക്കായി 18.06.2014-ന് കോന്നി ഫോറസ്റ്റ് ഡിവിഷൻ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.
   1 കി.മീ. എൽ.റ്റി. സിങ്കിൾ ഫേസ് ലൈൻ നിർമ്മിക്കുന്ന പദ്ധതിയിൽ 450 മീറ്റർ ദൂരം വനമേഖലയിലൂടെയാണ് നിർമ്മിക്കേണ്ടത്. ടി പ്രവർത്തി ആർ.ജി.ജി.വി.വൈ.യുടെ 11- ാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

2. വയനാട് ജില്ലയിൽ ആർ.ജി.ജി.വി.വൈ. സ്കീമിൽപ്പെടുത്തി വൈദ്യുതീകരിക്കുന്നതിന് അനുമതി തേടിയിരുന്ന ചെട്ടിലാത്തൂർ, കാപ്പാട്, കണ്ടൂര്പനിയ കോളനി, മണിമുണ്ട, പങ്കാളം, ചുള്ളിക്കാട്, നാഗമനകജഗഡി കോളനികൾക്ക് ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കാത്തതുകൊണ്ട് വൈദ്യുതി ലൈൻ നിർമ്മിക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെയുള്ള കോളനികളിൽ ഭൂഗർഭ കേബിൾ വഴി വൈദ്യുതി എത്തിക്കുന്നതിന് ട്രൈബൽ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരികയാണ്.

3. പാലക്കാട് ജില്ലയിൽ ഫോറസ്റ്റ് ഓഫീസിന്റെ ക്ലിയറൻസ് ലഭിക്കാത്തതുകൊണ്ട് അഗളി സെക്ഷനിലെ കരുക്കൻകുണ്ട് പ്രദേശത്ത് 42 വൈദ്യുത കണക്ഷനുകളും കാഞ്ഞിരപ്പുഴ സെക്ഷനിലെ പൂഞ്ചോല, ഊടക്കുന്നു പ്രദേശത്ത് 27 വൈദ്യുത കണക്ഷനുകളും നൽകാൻ കഴിഞ്ഞിട്ടില്ല.